LIBRARY ARCHIVES Kerala Legislative Assembly

റൈറ്റ് ടു ഹിയറിംഗ്

12 (1876) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൈറ്റ് ടു ഹിയറിംഗ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) കേരള സംസ്ഥാന കേൾക്കപ്പെടുവാനുള്ള അവകാശം ബിൽ പരിശോധിച്ചു വരുന്നു. സർക്കാരിൽനിന്നും എന്തെങ്കിലും ആനുകൂല്യമോ ആശ്വാസമോ തേടുന്ന ജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ കേൾക്കപ്പെടുവാനുള്ള അവകാശത്തിനും അതിന് ആനുഷംഗികവുമായ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ഈ ബില്ലിന്റെ അന്തിമരൂപമായിട്ടില്ല.

തീരദേശ പരിപാലന അതോറിറ്റി

13 (1877) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന അതോറിറ്റി എന്നാണ് നിലവിൽ വന്നത് ; അതിന്റെ അംഗങ്ങൾ ആരെല്ലാമാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നിർവ്വചിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) ഈ അതോറിറ്റിയുടെ അധികാരങ്ങൾ എന്തെല്ലാം ; അത് പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളത് ; നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ പര്യാപ്തമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) അതോറിറ്റിക്ക് സ്വന്തമായി ഒരു ആസ്ഥാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടിൽ അധിഷ്ഠിതമായി കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ SO No. 1001 (E)26 നവംബർ 1998-ലെ വിജ്ഞാപനപ്രകാരം തീരദേശ പരിപാലന അതോറിറ്റി ആദ്യമായി നിലവിൽ വന്നു. പ്രസ്തുത തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 2 വർഷമായിരുന്നു. നിലവിലുള്ള തീരദേശ പരിപാലന അതോറിറ്റി പ്രാബല്യത്തിൽ വന്നത് 2011 ഡിസംബർ 20-നാണ്. ഈ അതോറിറ്റിയുടെ കാലാവധി 3 വർഷമാണ്. നിലവിലുള്ള സമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്:

1. പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് - അതോറിറ്റി അദ്ധ്യക്ഷൻ
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് - അംഗം
3. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് - അംഗം
4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം
5. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് - അംഗം
6. സെക്രട്ടറി, മത്സ്യബന്ധന വകുപ്പ് - അംഗം
7. അദ്ധ്യക്ഷൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - അംഗം
8. ഡയറക്ടർ, ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം - അംഗം
9. പ്രൊഫ. ഡോ. കെ. പത്മകുമാർ, അക്വാട്ടിക് ബയോളജി, കേരള യൂണിവേഴ്സിറ്റി - അംഗം
10. പ്രൊഫ. ഡോ. എ. രാമചന്ദ്രൻ, രജിസ്ട്രാർ, ഇൻഡസ്ട്രിയൽ ഫിഷറീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി - അംഗം
11. ശ്രീ. ബേബി ജോൺ, മലബാർ കോസ്റ്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ്, റിസർച്ച് ആന്റ് ആക്ഷൻ (MCITRA), കോഴിക്കോട് - അംഗം
12. മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ -അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അധികാരങ്ങൾക്കൂടി വിശദീകരിച്ചിട്ടുണ്ട്. അവ പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടും അതിൽ അധിഷ്ഠിതമായ നിയമങ്ങളുമാണ് നിലവിലുള്ളത്. പ്രസ്തുത നിയമങ്ങൾ നിലവിൽ ഇതിന്റെ നടത്തിപ്പിനായി പര്യാപ്തമാണ്.

(ഡി) ഇല്ല. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് ഏകോപിപ്പിക്കുന്നത്. ഭരണ നിർവ്വഹണ കാര്യങ്ങൾ ശാസ്ത്ര സാങ്കേതിക (എ) വകുപ്പും സാങ്കേതിക സഹായങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നൽകിവരുന്നു. തിരുവനന്തപുരം പട്ടത്തെ ശാസ്ത്രഭവൻ ആസ്ഥാനമാക്കിയാണ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്ന ആവശ്യം

14 (1878) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണം എന്നാവശ്യപ്പെട്ട് രേഖാമൂലം കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) എന്നാണ് അപേക്ഷ സമർപ്പിച്ചത് ; എന്തെല്ലാം ഇളവുകളാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിന്മേൽ കേന്ദ്ര സർക്കാർ ഇളവുകൾ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആശ്രിത നിയമനത്തിനുള്ള കാലതാമസം

15 (1879) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ലഭിക്കുവാൻ അർഹരായ എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly